# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തൊന്ന്

## പുതിയ യെരൂശലേം

## (3)

Sat ഈ ദൂതിൽ പുതിയ യെരൂശലേമിനെ സംബന്ധിച്ച് ഇനിയും ചില സവിശേഷതകളെ, വിശേഷാൽ, അതിന്റെ അളവുകളെയും അതിന്റെ മതിലിനെയുംകുറിച്ച് നമുക്കു ചിന്തിക്കാം.

## IX. അതിന്റെ അളവുകൾ

### A. അളക്കുന്നതിനുള്ള ഉപകരണം

ഒന്നാമതായി നമുക്ക് പുതിയ യെരൂശലേമിന്റെ അളവുകൾ നോക്കാം. വെളിപ്പാട് 21:15 പറയുന്നു, "എന്നോട് സംസാരിച്ചവന് നഗരത്തെയും അതിന്റെ കവാടങ്ങളെയും അതിന്റെ മതിലിനെയും അളക്കേണ്ടതിന് പൊന്നുകൊണ്ടുള്ള ഒരു കോൽ ഉണ്ടായിരുന്നു." കോൽ അളക്കുന്നതിനും, അളക്കുന്നത് സ്വന്തമാക്കുന്നതിനും വേണ്ടിയാണെന്ന് സൂചിപ്പിക്കുന്നു (യെഹെ. 40:5; സെഖ. 2:1-2; വെളി. 11:1). അളക്കുന്നതിനുള്ള ഉപകരണം ഒരു കോലാണ്, ഒരു ദണ്ഡല്ല എന്നതു ശ്രദ്ധിക്കുക. ഒരു ദണ്ഡ് സൂചിപ്പിക്കുന്നത് അഥവാ ധ്വനിപ്പിക്കുന്നത് ന്യായവിധിയെയും, ശിക്ഷണത്തെയും, ശിക്ഷയെയും ആണ്. 11:1 അനുസരിച്ച്, "ദൈവാലയത്തെയും യാഗപീഠത്തെയും അതിൽ ആരാധിക്കുന്നവരെയും അളക്കുവാൻ ദണ്ഡുപോലെയുള്ള ഒരു അളവുകോൽ" ഉപയോഗിച്ചു. ദണ്ഡ് ശിക്ഷയെ ധ്വനിപ്പിക്കുന്നതുകൊണ്ട് (സദൃ. 10:13; യെശ. 10:5; 11:4), ദണ്ഡുപോലെയുള്ള കോൽ ശിക്ഷയോടുകൂടി അളക്കുന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ 21:15-ൽ നമുക്കുള്ളത് കോലാണ്, ദണ്ഡിനെക്കുറിച്ചു പറയുന്നില്ല. ഇവിടെ ന്യായവിധിയുടെയോ, ശിക്ഷണത്തിന്റെയോ, ദണ്ഡനത്തിന്റെയോ ധ്വനിയില്ല, കാരണം എല്ലാ നിലയിലും പുതിയ യെരൂശലേം പൂർണ്ണവും തികഞ്ഞതും ആണ്. ഈ നഗരം എല്ലാ പരിശോധനയെയും കടന്നുപോയിരിക്കുന്നു. പുതിയ യെരൂശലേമായി പരിണതിപ്രാപിക്കുന്ന

സാർവത്രിക ശോഭയുള്ള സ്ത്രീ അനേക തരം ഇടപെടലുകളിലൂടെ കടന്നുപോകുകയും നാലു യുഗങ്ങളിലോരോന്നിലും നിരവധി ദണ്ഡുകളാൽ അളക്കപ്പെടുകയും ചെയ്തു. ഇന്നും സഭ കോലിനാലല്ല, ഒരു ദണ്ഡിനാൽ, അളക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നാലു യുഗങ്ങൾ അവസാനിക്കുകയും, പുതിയ ആകാശവും പുതിയ ഭൂമിയും വരുകയും ചെയ്യുമ്പോൾ ഇനിമേൽ ഒരു ദണ്ഡുകൊണ്ട് അളക്കേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ല.

പുതിയ യെരൂശലേമിനെ ഒരു കോൽകൊണ്ട് അളക്കുന്നു എന്ന വസ്തുത അർത്ഥമാക്കുന്നത് അതിനെ കൈവശമാക്കേണ്ടതിന് അളക്കുന്നു എന്നാണ്. നിങ്ങൾക്ക് ഒരു സ്ഥലം വിലകൊടുത്തു വാങ്ങുവാൻ താല്പര്യമുണ്ടെന്ന് ചിന്തിക്കുക. ഒന്നാമത് നിങ്ങൾ അതിനെ അളക്കുകയും, പിന്നീട് അതിനെ സ്വന്തമാക്കുകയും ചെയ്യുന്നു. ഒരു തുണിക്കടയിൽ സ്ത്രീകൾ തുണി വാങ്ങുമ്പോഴും ഇതേ കാര്യം തന്നെയാണു ചെയ്യുന്നത്. എത്രമാത്രം തുണി അവർ അളന്നുവോ അത്രമാത്രം തുണിയാണ് അവർ വാങ്ങുന്നതും സ്വന്തമാക്കുന്നതും. ഇതുപോലെ, പൊന്നുകൊണ്ടുള്ള ഒരു കോലിനാൽ അളക്കപ്പെടുന്ന പുതിയ യെരൂശലേം വളരെ അനുലോമമായ രീതിയിൽ കർത്താവിനാൽ പൂർണ്ണമായി സ്വന്തമാക്കപ്പെടും.

കോൽ പൊന്നുകൊണ്ടുള്ളതാണ് എന്നതു ശ്രദ്ധിക്കുക. പൊന്ന് ദൈവത്തിന്റെ ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നതിനാൽ ഇവിടെ "പൊന്നുകൊണ്ടുള്ള" എന്നത് നഗരത്തെയും, അതിന്റെ കവാടങ്ങളെയും, അതിന്റെ മതിലിനെയും അളക്കുന്നത് ദൈവത്തിന്റെ ദിവ്യപ്രകൃതത്തിനനുസരിച്ചാണെന്ന് സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പ്രകൃതത്തിനു യോജിക്കാത്തതൊന്നും പുതിയ യെരൂശലേമിനുള്ളതല്ല. തന്റെ പ്രകൃതത്തോടു യോജിക്കാത്തയാതൊന്നിനെയും സ്വന്തമാക്കുവാൻ ദൈവത്തിന് കഴിയുകയില്ല. കവാടങ്ങളോടും മതിലിനോടുംകൂടെയുള്ള മുഴുവൻ നഗരത്തിനും ദൈവപ്രകൃതത്തിന്റെ അളക്കലും പരിശോധനയും കടന്നുപോകുവാൻ കഴിയും. അതിനാൽ അത് ദൈവത്താൽ സ്വന്തമാക്കപ്പെടുവാൻ യോഗ്യതയുള്ളതാണ്.

ഇന്നും ദൈവം തന്റെ ദിവ്യ അളവെന്ന പൊന്നുകൊണ്ടുള്ള നിലവാരത്താൽ സഭകളെ അളക്കുന്നു. ദൈവം ഒരു സഭയെ അളക്കുമ്പോൾ, നമ്മുടെ ബുദ്ധിവൈഭവത്തോടോ, പ്രവർത്തനങ്ങളോടോ, സംസാരിക്കുവാനുള്ള പ്രാപ്തിയോടോ അവന് താല്പര്യമില്ല. എന്നാൽ അവന്റെ പ്രകൃതം എത്രത്തോളം നമ്മിലേക്ക് പണിതുചേർക്കപ്പെട്ടിട്ടുണ്ട് എന്നതിനെക്കുറിച്ച് അവൻ വളരെ ആശങ്കയുള്ളവനാണ്. ദിവ്യപൊന്ന് സഭയുടെ സുദൃഢമായ

സാരാംശമാണോ? സഭ ദൈവത്തിന്റെ ദിവ്യസാരാംശത്താൽ സംരചിക്കപ്പെട്ടിരിക്കുന്നുവോ? സഭ സാരാംശാപരമായി ദിവ്യമായിരിക്കണം: അതായത്, ദിവ്യസാരാംശം സഭാജീവിതത്തിന്റെ ആളത്തത്തിലേക്കുതന്നെ പണിതുചേർക്കപ്പെടണം. അങ്ങനെ, അളവിന്റെ നിലവാരം നമ്മുടെ മാനുഷിക പ്രകൃതമല്ല, ദൈവത്തിന്റെ പ്രകൃതമാണ്.

അന്യോന്യമുള്ള നമ്മുടെ സ്നേഹം നാം പ്രകടമാക്കുവാൻ തുടങ്ങുമ്പോൾ എന്തുതരം സ്നേഹമാണ്—മാനുഷികമാണോ അതൊ ദിവ്യമാണോ—പ്രകടമാകുന്നതെന്ന് നാം ഉറപ്പുവരുത്തണം. വിനയത്തിന്റെയും നന്മയുടെയും കാര്യത്തിലും അങ്ങനെ തന്നെയാണ്. നാം താഴ്മയുള്ളവരും നല്ലവരും ആയിരിക്കണമെങ്കിലും, നമ്മുടെ വിനയവും നന്മയും മാനുഷികമാണോ അതൊ ദിവ്യമാണോ എന്നു നാം പരിശോധിക്കണം. ഈ തത്ത്വം നമ്മുടെ മനുഷ്യത്വത്തിന്റെ ഓരോ വശത്തിനും ബാധകമാണ്. നാം ദിവ്യമായി മാനുഷികരാകണം: അതായത്, ദിവ്യപ്രകൃതം നമ്മിലേക്ക് പണിതുചേർക്കപ്പെട്ടിട്ടുണ്ടാകണം. സഭയെ ദൈവം അളക്കുന്നത് ദിവ്യപ്രകൃതത്തിനനുസരിച്ചാണെന്ന് ദയവുചെയ്ത് മനസ്സിൽ സൂക്ഷിക്കുക. ദൈവത്തിന്റെ പൊൻപ്രകൃതമാണ് നിസ്തുല നിലവാരം.

LD

## B. നഗരത്തിന്റെ അളവുകൾ

വാക്യം 16-ൽ നമുക്ക് നഗരത്തിന്റെ അളവുകളുണ്ട്. "നഗരം സമചതുരമായി കിടക്കുന്നു, അതിന്റെ നീളം വീതിയോളം തന്നെ വലുതാകുന്നു. അവൻ നഗരത്തെ കോൽകൊണ്ട് പന്ത്രണ്ടായിരം സ്റ്റഡിയ നീളം അളന്നു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നെ." ഞാൻ ചെറുപ്പമായിരുന്നപ്പോൾ, മതിലിന്റെ ഉയരം നൂറ്റിനാല്പത്തിനാലു മുഴവും, നഗരത്തിന്റെ ഉയരം പന്ത്രണ്ടായിരം സ്റ്റഡിയയും ആണെന്ന വസ്തുത എന്നെ വളരെ അസ്വസ്ഥനാക്കി. നഗരത്തിന്റെ അളവുകൾ സൂചിപ്പിക്കുന്നത് അത് പന്ത്രണ്ടായിരം സ്റ്റഡിയ ഉയരമുള്ള ഒരു മലപോലെയാകുന്നു എന്നാണ്, എന്നാൽ അടിസ്ഥാനംമുതൽ മുകളറ്റംവരെയുള്ള മതിൽ നൂറ്റിനാല്പത്തിനാലു മുഴമാണ്. പന്ത്രണ്ടായിരം സ്റ്റഡിയ എന്നത് എഴുപതു ലക്ഷം അടിയെക്കാൾ, അഥവാ ആയിരത്തിമുന്നൂറ്ററുപത് മൈലുകളെക്കാൾ കൂടുതലാണ്.

നഗരത്തെക്കുറിച്ച് എന്നെ അസ്വസ്ഥമാക്കിയ മറ്റൊരു കാര്യം നഗരത്തിന് ഒരു വീഥി മാത്രം ഉണ്ടായിരുന്നു എന്നതാണ്. ഈ ഒരു വീഥിക്ക് എങ്ങനെ പന്ത്രണ്ടു കവാടങ്ങളെ സേവിക്കുവാൻ കഴിയുമെന്നത് എന്നെ അത്ഭുതപ്പെടുത്തി. എന്റെ അഭിപ്രായമനുസരിച്ച്, ഓരോ കവാടത്തിനും ഒന്നെന്ന കണക്കിൽ കുറഞ്ഞപക്ഷം

പന്ത്രണ്ടു വീഥികളെങ്കിലും ഉണ്ടായിരിക്കണമായിരുന്നു. ഒരു ദിവസം സഹോദരൻ നീയോടൊപ്പം ഞാൻ ഷാൻഗായിയിൽ താമസിക്കുമ്പോൾ, പുതിയ യെരൂശലേം ഒരു മലയാണെന്നും, ഒരു വീഥി മാത്രമാണ് സിംഹാസനത്തിൽനിന്നും മലയുടെ താഴേക്ക് എല്ലാ കവാടങ്ങളെയും ചുറ്റി കടന്നുപോകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഏതു കവാടത്തിൽക്കൂടി നാം പ്രവേശിച്ചാലും നാം ഒരേ വീഥിയിൽ തന്നെയായിരിക്കും. വീഥി ഒരു സർപ്പിളമായതുകൊണ്ട് ഈ നഗരത്തിൽ ആരെങ്കിലും വഴിതെറ്റിപ്പോകുന്നത് അസാധ്യമാണ്. ഈ വീഥിയിലൂടെ നിങ്ങൾ കണ്ണടച്ചുനടന്നാലും നിങ്ങൾക്ക് വഴി തെറ്റുകയില്ല.

"നഗരം സമചതുരമായി കിടക്കുന്നു" എന്ന് വാക്യം 16 പറയുന്നു. നീളവും വീതിയും സമംതന്നെ. പുതിയ യെരൂശലേം ഒരു സമചതുരമാണെന്ന വസ്തുത സൂചിപ്പിക്കുന്നത് എല്ലാ രീതിയിലും അത്, തികച്ചും നേരേയുള്ളതും ഒട്ടും വളവില്ലാത്തതുമായി തികവുള്ളതും പൂർണ്ണവും ആകുന്നു എന്നാണ്.

പുതിയ യെരൂശലേമിന്റെ നീളവും, വീതിയും, ഉയരവും സമമാണ്; എല്ലാ അളവും പന്ത്രണ്ടായിരം സ്റ്റഡിയയാണ്. പന്ത്രണ്ടായിരം എന്നത് ആയിരം മടങ്ങ് പന്ത്രണ്ടാണ്. ദൈവത്തിന്റെ നിത്യഭരണ നിർവഹണത്തിലുള്ള സമ്പൂർണ്ണമായ തികവിനെയും നിത്യമായ പൂർത്തീകരണത്തെയും പന്ത്രണ്ട് സൂചിപ്പിക്കുന്നതുകൊണ്ട്, പന്ത്രണ്ടായിരം ഇതിന്റെ ആയിരം മടങ്ങിനെ സൂചിപ്പിക്കുന്നു.

അതിന്റെ അളവുകളനുസരിച്ച്, പുതിയ യെരൂശലേം ഒരു സമചതുരക്കട്ടയാണ്. കൂടാരത്തിലെയും ആലയത്തിലെയും അതിവിശുദ്ധസ്ഥലത്തിന്റെ അളവുകൾ നീളത്തിലും, വീതിയിലും, ഉയരത്തിലും സമമാണ് (പുറ. 26:2-8; 1 രാജാ. 6:20). കൂടാരത്തിലെ അതിവിശുദ്ധസ്ഥലം ഓരോ വശവും പത്തു മുഴമുള്ള ഒരു സമചതുരക്കട്ടയും, ആലയത്തിലെ അതിവിശുദ്ധസ്ഥലം ഓരോ വശവും ഇരുപതു മുഴമുള്ള ഒരു സമചതുരക്കട്ടയും ആയിരുന്നു. പുതിയ യെരൂശലേമിന്റെ നീളവും വീതിയും ഉയരവും സമമാണെന്നത് സൂചിപ്പിക്കുന്നത് പുതിയ യെരൂശലേം മുഴുവനും അതിവിശുദ്ധസ്ഥലമാകുന്നു എന്നാണ്. അതുകൊണ്ട്, പുതിയ യെരൂശലേം അങ്ങേയറ്റം വികാസംപ്രാപിച്ച അതിവിശുദ്ധ സ്ഥലമാണ്.

അതിവിശുദ്ധസ്ഥലത്തിലെ നമ്മുടെ അനുഭവം സ്ഥിരമായി വർദ്ധിച്ചുകൊണ്ടേയിരിക്കണമെന്ന് എബ്രായ ലേഖനത്തിന്റെ ജീവ-പഠനത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ദൂത് 52 കാണുക). നമ്മുടെ അനുഭവത്തിൽ അതിവിശുദ്ധസ്ഥലം തുടർമാനമായി വികാസംപ്രാപിച്ചുകൊണ്ടിരിക്കണമെന്ന് ഇത് അർഥമാക്കുന്നു. ഒന്നാമത്, പുറപ്പാടിൽ നമുക്ക് ചെറിയ

അതിവിശുദ്ധസ്ഥലമുണ്ടായിരുന്നു: പിന്നീട് 1 രാജാക്കന്മാരിൽ നമുക്ക് വലിയ അതിവിശുദ്ധസ്ഥലമുണ്ട്: ആത്യന്തികമായി വെളിപ്പാട് പുസ്തകത്തിൽ നമുക്ക് ഏറ്റവും വലിയ അതിവിശുദ്ധസ്ഥലമുണ്ട്. ഒടുവിൽ, നമ്മുടെ അതിവിശുദ്ധസ്ഥലം നീളത്തിലും വീതിയിലും ഉയരത്തിലും ആയിരത്തിമൂന്നൂറ്ററുപതു മൈലുകളിലുമധികം വലുപ്പമുള്ളതായിരിക്കും.

ഇനി അതിവിശുദ്ധസ്ഥലത്തിന്റെ തത്ത്വം എന്താണെന്ന് നാം കാണേണ്ടത് ആവശ്യമാണ്. മനുഷ്യന് നേരിട്ട് ദൈവത്തിന്റെ സന്നിധിയിൽ ജീവിക്കുവാനും നടക്കുവാനും കഴിയും എന്നതാണ് അതിവിശുദ്ധസ്ഥലത്തിന്റെ തത്ത്വം. പഴയനിയമമനുസരിച്ച്, മഹാപുരോഹിതനു മാത്രമേ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുവാൻ അനുവദമുണ്ടായിരുന്നുള്ളൂ. എന്നാൽ എബ്രായലേഖനം വെളിപ്പെടുത്തുന്നത് ക്രിസ്തുവിന്റെ വീണ്ടെടുക്കുന്ന രക്തത്താൽ, അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും അതിവിശുദ്ധസ്ഥലം തുറന്നിരിക്കുന്നു എന്നാണ് (എബ്രാ. 10:19-22). വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും ദൈവവുമായുള്ള ഒരുമയിൽ കൂട്ടായ്മ ആസ്വദിച്ചുകൊണ്ട്, ദൈവസന്നിധിയിലേക്ക് പ്രവേശിക്കുവാനും, അവിടെ ജീവിക്കുവാനും, അവിടെ നിലനിൽക്കുവാനും കഴിയും. വരാൻപോകുന്ന പുതിയ യെരൂശലേം അങ്ങനെയുള്ള ഒരു സ്ഥലമായിരിക്കും. അതിലുള്ള എല്ലാവരും ദൈവത്തെ കാണുകയും, ദൈവത്തെ സ്പർശിക്കുകയും, ദൈവത്തെ ആരാധിക്കുകയും, ദൈവത്തെ സേവിക്കുകയും, ദൈവസന്നിധിയിൽ ജീവിക്കുകയും വസിക്കുകയും ചെയ്യും. ഇന്നത്തെ സഭാജീവിതം ഒരു അതിവിശുദ്ധസ്ഥലമായിരിക്കണം. സഭ ഒരു സമചതുക്കട്ടയായിരിക്കുകയും, അതിന്റെ പ്രകൃതം തീർത്തും വിശുദ്ധമായിരിക്കുകയും വേണം.

## C. മതിലിന്റെ അളവുകൾ

വാക്യം 17 പറയുന്നു, "അതിന്റെ മതിൽ, മനുഷ്യന്റെ അളവുപ്രകാരം, എന്നുവച്ചാൽ, ഒരു ദൂതന്റെ അളവുപ്രകാരം അവൻ നൂറ്റിനാൽപത്തിനാലു മുഴം അളന്നു." പന്ത്രണ്ടു മടങ്ങ് പന്ത്രണ്ടാണ് നൂറ്റിനാല്പത്തിനാല്. പന്ത്രണ്ടു മടങ്ങ് പന്ത്രണ്ട് സൂചിപ്പിക്കുന്നത് സമ്പൂർണ്ണ തികവുകളുടെയും നിത്യ പൂർത്തീകരണങ്ങളുടെയും സമ്പൂർണ്ണ തികവും നിത്യ പൂർത്തീകരണവും എന്നാണ്. ദൈവത്തിന്റെ നിത്യഭരണനിർവഹണത്തിൽ വിശുദ്ധ നഗരത്തിന്റെ മതിൽ എത്രമാത്രം തികവും പൂർണ്ണതയുമുള്ളതാണ്! ഈ മതിൽ മനുഷ്യന്റെ അളവാണെന്ന്, "എന്നുവച്ചാൽ, ഒരു ദൂതന്റെ അളവാണെന്ന്" ഈ വാക്യം പറയുന്നു. പുനരുത്ഥാനത്തിലാണ് മനുഷ്യൻ ദൂതന്മാരെപ്പോലെയാകുന്നത് (മത്താ. 22:30). അതിനാൽ, "മനുഷ്യന്റെ അളവുപ്രകാരം,

എന്നുവച്ചാൽ, ഒരു ദൂതന്റെ അളവുപ്രകാരം" സൂചിപ്പിക്കുന്നത് നഗര മതിൽ സ്വാഭാവികമല്ല, പുനരുത്ഥാനത്തിലാകുന്നു എന്നാണ്.

## X. അതിന്റെ മതിൽ

### A. സൂര്യകാന്തംകൊണ്ടു പണിതിരിക്കുന്നു

വാക്യം 18 പറയുന്നു, "മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു." രൂപാന്തരപ്പെട്ട വിലയേറിയ ഒരു കല്ലാണ് സൂര്യകാന്തം (1 കൊരി. 3:12); അത് ദൈവത്തിന്റെ ദൃഷ്ടിഭാവം വഹിക്കുന്നു. ഈ കല്ല് സ്ഫടികംപോലെ സ്പഷ്ടവും കടുംപച്ച നിറമുള്ളതും ആണ്. വെളിപ്പാട് 4:3 പറയുന്നു, "ഇരിക്കുന്നവൻ കാഴ്ചയ്ക്ക് സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ." ഈ വാക്യമനുസരിച്ച്, സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെ ദൃഷ്ടിഭാവം സൂര്യകാന്തവും പത്മരാഗവും പോലെയാകുന്നു എന്നാണ്. സൂര്യകാന്തത്തിന്റെ കടുംപച്ച നിറം ജീവനെ അതിന്റെ സമ്പന്നതയിൽ സൂചിപ്പിക്കുന്നു. പച്ചപ്പുല്ലും, പച്ച നിലങ്ങളും, പച്ച മലകളുമെല്ലാം ജീവന്റെ സമ്പന്നതയെ സാക്ഷിക്കുന്നു. ഒരു പുൽത്തകിടിയോ നിലമോ തവിട്ടുനിറമുള്ളതാണെങ്കിൽ, അവിടെ ജീവനില്ല എന്ന ധാരണ നമുക്കുണ്ടാകുന്നു. എന്നാൽ കടുംപച്ച ജീവന്റെ സമ്പന്നതയെ സൂചിപ്പിക്കുന്നു. നാലാം അധ്യായത്തിൽ സിംഹാസനത്തിലിരിക്കുന്നവനെന്ന നിലയിൽ ദൈവത്തിന് വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്ന ചുവന്ന നിറത്തിലുള്ള ഒരു വിലയേറിയ കല്ലായ പത്മരാഗത്തിന്റെ ദൃഷ്ടിഭാവം ഉണ്ട്. സൂര്യകാന്തം ദൈവത്തെ തന്റെ സമ്പന്നമായ ജീവനിലുള്ള തേജസ്സിന്റെ ദൈവമായി സൂചിപ്പിക്കുമ്പോൾ, പത്മരാഗം ദൈവത്തെ വീണ്ടെടുപ്പിന്റെ ദൈവമായി സൂചിപ്പിക്കുന്നു. ഇന്ന് നമ്മുടെ ദൈവം ജീവന്റെ ദൈവവും വീണ്ടെടുപ്പിന്റെ ദൈവവും ആണ്. എന്നാൽ, നാം പുതിയ യെരൂശലേമിലേക്കു പ്രവേശിക്കുമ്പോൾ, നമുക്ക് വീണ്ടെടുപ്പിന്റെ ആവശ്യം ഉണ്ടായിരിക്കുകയില്ല. അങ്ങനെ, നഗര മതിലിന്റെ നിറം ജീവനെ അതിന്റെ സമ്പന്നതിയിൽ ആവിഷ്കരിക്കുന്ന കടുംപച്ച നിറമുള്ള സൂര്യകാന്തമായിരിക്കും.

### B. നൂറ്റിനാല്പത്തിനാലു മുഴം ഉയരം

മതിലിന് നൂറ്റിനാല്പത്തിനാലു മുഴം ഉയരമാണെന്നും, ഈ അളവ് ഒരു മനുഷ്യന്റെ അളവ്, എന്നുവച്ചാൽ ഒരു ദൂതന്റെ അളവാണെന്നും നാം കണ്ടു. ഇതു സൂചിപ്പിക്കുന്നത് നഗര മതിൽ സ്വാഭാവികമല്ല, പുനരുത്ഥാനത്തിലാണെന്ന് നാം ചൂണ്ടിക്കാണിച്ചിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന്

സഭാജീവിതത്തിൽ നാം പറയുന്നതെല്ലാം, നാം ചെയ്യുന്നതെല്ലാം, നാം ആയിരിക്കുന്നതെല്ലാം പുനരുത്ഥാനത്തിലായിരിക്കണം. പുനരുത്ഥാനത്തിന്റെ തത്ത്വം എന്നത് സ്വാഭാവികജീവൻ കൊല്ലപ്പെട്ടുവെന്നും അതിന്റെ സ്ഥാനത്ത് ദിവ്യജീവൻ എഴുന്നേൽക്കുന്നു എന്നുമാണ്. ഇതാണ് പുനരുത്ഥാനം.

നിരവധി തവണ, എന്റെ സംയമനം നഷ്ടപ്പെടുവാൻ തുടങ്ങുമ്പോൾ, എന്റെ സ്വാഭാവികമനുഷ്യനെ ക്രൂശിക്കുവാൻ ഞാൻ എന്റെ ആത്മാവിനെ വ്യായാമം ചെയ്തിട്ടുണ്ട്. ഞാനിത് ചെയ്തപ്പോഴെല്ലാം പുനരുത്ഥാനത്തിലായിരുന്നു. നമ്മുടെ സംയമനത്തിൽ മാത്രമല്ല, നമ്മുടെ സ്നേഹത്തിലും നാം ഇതു അഭ്യസിക്കണം. സ്വാഭാവികമായ രീതിയിൽ മറ്റുള്ളവരെ നാം സ്നേഹിക്കരുത്. അവരെ പുനരുത്ഥാനത്തിൽ സ്നേഹിക്കുക. സ്വാഭാവികസ്നേഹം തേൻപോലെയാണ്. "തേൻ"സ്നേഹത്തിനു പകരം, പുനരുത്ഥാനത്തിലുള്ള ഒരു സ്നേഹം, ക്രൂശിനാൽ കൊല്ലപ്പെട്ടതും ദിവ്യജീവനോടുകൂടെ ഉയിർത്തെഴുന്നേറ്റതുമായ സ്നേഹം നമുക്കാവശ്യമാണ്. അങ്ങനെയുള്ള സ്നേഹത്തിൽ തേൻ ഇല്ല. തേനിന്റെ സ്ഥാനത്ത് അവിടെ കുന്തിരിക്കവും ഉപ്പും ഉണ്ട്. ലേവ്യാപുസ്തകം 2 അനുസരിച്ച് ഭോജനയാഗത്തിൽ കുന്തിരിക്കവും ഉപ്പും ചേർക്കാം, എന്നാൽ തേൻ പാടില്ല. ഇന്ന് മിക്ക ക്രിസ്ത്യാനികളുടെയും ഇടയിലുള്ള സ്നേഹം അപൂർവമായി മാത്രമേ യഥാർഥ സ്നേഹമായ പുനരുത്ഥാനത്തിലുള്ള സ്നേഹമായിരിക്കുന്നുള്ളൂ. മിക്കപ്പോഴും, അത് തേൻപോലെയാകുന്നു എന്നു മാത്രമല്ല, പുളിപ്പുകൊണ്ടു നിറഞ്ഞതും ആണ്. അനവധി ക്രിസ്ത്യാനികൾ സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്നുവെങ്കിലും, ഈ സ്നേഹം ക്രൂശിനാൽ ഇടപെടൽ പ്രാപിച്ചതും ദിവ്യജീവനോടുകൂടെ ഉയിർപ്പിക്കപ്പെട്ടതും ആയിരിക്കയില്ല. നമുക്കാവശ്യം ഉയിർപ്പിക്കപ്പെട്ട സ്നേഹം, ദിവ്യജീവനിലുള്ള ഒരു സ്നേഹമാണ്.

സഹോദരീസഹോദരന്മാർ ജീവനിൽ വളരുന്നതും കെട്ടുപണി അനുഭവമാക്കുന്നതും കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നുവെങ്കിലും, യാതൊരു സ്വാഭാവിക സ്നേഹത്തെയും കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു അകലം പാലിക്കുന്നതു നല്ലതാണ്. അവരുടെ വസ്ത്രങ്ങൾ ധരിക്കരുത്; അവരുടെ വേദപുസ്തകംപോലും ഉപയോഗിക്കരുത്. നിങ്ങളുടെ സ്വാഭാവിക ജീവനോട് ഇടപെട്ടിട്ടുണ്ടെങ്കിൽ, മറ്റൊരാളുടെ വേദപുസ്തകം ഉപയോഗിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയില്ല. മറ്റൊരാളുടെ വേദപുസ്തകം ഉപയോഗിക്കുന്നത് നിങ്ങൾ അവനെ ആത്മാവിൽ സ്നേഹിക്കുന്നു എന്നു സൂചിപ്പിക്കുന്നില്ല; മറിച്ച്, നിങ്ങളുടെ അഭിരുചിക്കനുസരിച്ച് നിങ്ങൾ അവനെ സ്നേഹിക്കുന്നുവെന്ന് അതു തെളിയിക്കുന്നു. അവൻ നിങ്ങളുടെ അഭിരുചിയോടു യോജിക്കുന്നതുകൊണ്ട് നിങ്ങൾ ആ

സഹോദരനുമായി വളരെയധികം സമയം ചിലവഴിക്കുന്നു. അവനുമായി കൂട്ടായ്മ ആചരിക്കുമ്പോൾ നിങ്ങൾ ജീവനിൽ വളരുകയാണെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. വാസ്തവത്തിൽ, അവനുവേണ്ടിയുള്ള നിങ്ങളുടെ സ്നേഹം സ്വാഭാവികമായതു കൊണ്ട് നിങ്ങൾ വളരുന്നേയില്ല. നാം മറ്റുള്ളവരെ എത്രയധികം സ്നേഹിക്കുന്നുവോ അത്രയും വലുതായിരിക്കണം നാമും അവരും തമ്മിലുള്ള അകലം.

സഭാജീവിതത്തിൽ നമ്മുടെ സ്വാഭാവികജീവനിലല്ല, സകലവും പുനരുത്ഥാനത്തിൽ ചെയ്യുവാൻ നാം പഠിക്കണം. നിങ്ങൾ ചെയ്യുവാനുദ്ദേശിക്കുന്ന ഒരു കാര്യം പുനരുത്ഥാനത്തിലാണോ എന്നു നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ, ദയവുചെയ്ത് അതു ചെയ്യരുത്. നിങ്ങൾ പുനരുത്ഥാനത്തിലാണെന്ന ഉറപ്പ് നിങ്ങൾക്കുണ്ടായിരിക്കുന്നതുവരെ പ്രാർഥിക്കുകയും കാത്തിരിക്കുകയും ചെയ്യുക. പുതിയ യെരൂശലേം എന്ന നഗരത്തിന്റെ മതിൽ ഒരു മനുഷ്യന്റെ, അതായത് ഒരു ദൂതന്റെ അളവിനനുസരിച്ച് അളന്നു എന്ന വസ്തുത അർഥമാക്കുന്നത് അത് ദിവ്യപ്രകൃതത്തിനനുസരിച്ച് അളന്നുവെന്നു മാത്രമല്ല, അത് പുനരുത്ഥാനത്തിനനുസരിച്ച് അളന്നെന്നുമാണ്. സ്വാഭാവികജീവനിലല്ല, ദിവ്യജീവനിൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ നിങ്ങളെ സ്നേഹിക്കുകയും വേണം. സ്വാഭാവികജീവന് ഒരു ഇഞ്ച് ഇടംപോലും നല്കരുത്. നിങ്ങൾ മറ്റുള്ളവരെ എത്രതന്നെ സ്നേഹിച്ചാലും, നിങ്ങളും അവരും തമ്മിൽ ഒരു അകലം പാലിക്കുക. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, സ്വാഭാവികജീവനിൽനിന്നും കാത്തുകൊള്ളപ്പെടുകയും, മനുഷ്യത്വമനുസരിച്ചാണെങ്കിലും ദൂതന്മാരുടെ സാദൃശ്യത്തിൽ, നിങ്ങൾ പുനരുത്ഥാനത്തിൽ അവരെ സ്നേഹിക്കുകയും ചെയ്യും.

സഭാജീവിതത്തിലേക്ക് ഞാൻ വന്ന വർഷമായ 1932-ൽ, എന്റെ സ്വാഭാവികജീവനിലല്ല, പുനരുത്ഥാനത്തിൽ കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്നു പഠിക്കുന്നതിലെ ഒന്നാമത്തെ പാഠം എനിക്ക് ലഭിക്കുകയുണ്ടായി. മറ്റുള്ളവരെ എപ്പോഴും സഹായിച്ചിരുന്ന ഒരു സഹോദരി ഉണ്ടായിരുന്നു; എന്നാൽ അവൾക്ക് സ്വന്തമായി ഒരു നല്ല വേദപുസ്തകം വാങ്ങുവാനുള്ള പണം ഉണ്ടായിരുന്നില്ല. അവൾ തന്റെ പണം, അവൾക്കുവേണ്ടിയല്ല, ആവശ്യക്കാർക്കുവേണ്ടി ചിലവഴിച്ചിരുന്നു. അവളുടെ സാഹചര്യം ഞാൻ അറിയുവാൻ ഇടവരികയും വളരെ പഴയ ഒരു വേദപുസ്തകമാണ് അവൾ ഉപയോഗിക്കുന്നതെന്ന് ശ്രദ്ധിക്കുകയും ചെയ്തു. പൊടുന്നനെ അവൾക്ക് ലെതർ ബൈൻഡിട്ട ഒരു നല്ല വേദപുസ്തകം വാങ്ങി പേരെഴുതാതെ നല്കുവാൻ എനിക്കു ഭാരമുണ്ടായി. ഇതിനെക്കുറിച്ച് കർത്താവിന്റെ അടുക്കലേക്കു പോയപ്പോൾ ഞാൻ പറഞ്ഞു, "കർത്താവേ, ഈ സഹോദരിക്കുവേണ്ടി ഒരു വേദപുസ്തകം വാങ്ങുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇത് ഞാൻ സ്വാഭാവിക ജീവനിലാണോ

ചെയ്യുന്നത്, അതൊ നിന്റെ പുനരുത്ഥാന ജീവനിലാണോ?" ഈ രീതിയിൽ കർത്താവിനോട് അന്വേഷിച്ചതിലൂടെ ഞാൻ ഒരു വലിയ പാഠം പഠിച്ചു. ഞാൻ പുനരുത്ഥാനജീവനെ അനുസരിച്ചാണു ചെയ്യുന്നതെന്ന് എനിക്ക് നിശ്ചയമില്ലാതിരുന്നതുകൊണ്ട്, എനിക്ക് ഉടനെതന്നെ വേദപുസ്തകം വാങ്ങുവാൻ സാധിച്ചില്ല. ഞാൻ എന്റെ സ്വാഭാവികജീവനെ അനുസരിച്ചല്ല, പിന്നെയോ, ക്രിസ്തുവിന്റെ പുനരുത്ഥാനജീവനെ അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് എനിക്ക് നിശ്ചയമുണ്ടാകുന്നതുവരെ ഞാൻ കാത്തിരുന്നു. ഒരു ദിവസം ഞാൻ അവൾക്കുവേണ്ടി ഒരു വേദപുസ്തകം വാങ്ങുകയും പേരെഴുതാതെ അവൾക്കു നല്കുകയും ചെയ്തു. വേദപുസ്തകം സമ്മാനമായി ലഭിച്ചതിലൂടെ അവളുടെ വിശ്വാസം സ്ഥിരീകരിക്കപ്പെടുകയും, കർത്താവിൽ വിശ്വസിക്കുന്ന വിഷയത്തിൽ അവൾ വളരുകയും ചെയ്തു. കുറെ ആഴ്ചകൾക്കുമുമ്പ് ഞാൻ ആ വേദപുസ്തകം നല്കിയിരുന്നുവെങ്കിൽ, ഈ കാര്യത്തിൽ അവൾക്ക് സഹായം ലഭിക്കുമായിരുന്നില്ല. പുനരുത്ഥാനത്തിൽ ഒരു വേദപുസ്തകം അവൾക്ക് നല്കുവാൻ എനിക്കു കഴിഞ്ഞു എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്ന ആ ദിവസം തന്നെയായിരുന്നു അത് അവൾക്ക് ലഭിക്കേണ്ടിയിരുന്ന കൃത്യമായ ദിവസം.